(ബി) ഭൂരിപക്ഷം ജനങ്ങളുടെ സൌകര്യാർത്ഥം പ്രസ്തുത വില്ലേജുകോട്ട് മേത്തല വില്ലേജിൽനിന്നും എറിയാട് വില്ലേജിലേക്ക മാറ്റി സ്ഥാപിക്കുവാൻ ഗവണ്മെണ്ടിനു നിവേദനം കിട്ടിയിട്ടുണ്ടോ;

(സി) എപ്പോൾ അതു മാറ്റി സ്ഥാപിക്കുമെന്ന് പറയാമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) എടവിലങ്ങ്, പല്ലൻ, ലോകമാലേശ്വരം, മേത്തല, അഴീക്കോട്, എറിയാട്, എന്നീ വില്ലേജുകളും ഉൾപ്പെടുന്നു.

(ബി) ഉണ്ട്.

(സി) തീർച്ചപറയാൻ നിവൃത്തിയില്ല.

ഒരു മെമ്മോറാണ്ടം

*ന ൦ ൦ (ശ്രീ ഫ). സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊടുങ്ങല്ലൂർ എറിയാട് മുഹമ്മദ് അബ്ദുറഹിമാൻ മൈതാനത്തിലെ പൗരമഹായോഗത്തിൽ വച്ച് ബഹുമാനപ്പെട്ട ചീഫ് മന്ത്രിക്ക് നാട്ടുകാർ ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായോ;

(ബി) അതിലെ നിവേദനങ്ങളിൽ ഏതൊക്കെ ഗവണ്മെണ്ട് അംഗീകരിച്ച് നടപ്പിൽ വരുത്തിയെന്നു പറയാമോ;

(സി) ഏതൊക്കെ അംഗീകരിച്ചില്ല?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഉണ്ടായി.

(ബി, സി) അതിൽ ചേർത്തിട്ടുള്ള ചില സംഗതികളെപ്പറ്റി അന്വേഷണങ്ങൾ പൂർത്തിയായിട്ടില്ല.

BACKWARD COMMUNITY

*601. [52] **Sri. K. Ramakrishna Achari:** Will the Hon'ble Minister for Industries be pleased to answer the following questions:—

(*a*) do Government intend to give any aid to the Backward Community in the Thovala Taluk; and

(*b*) do Government propose to grant any land on kuthagapattom or by registry to the members of the backward community for cultivation in the Thovala Taluk?

Minister for Industries, Excise and Local-Self Government **(Sri. N. Kunjuraman):**

(*a*) The backward communities in Thovala Taluk are given all the amenities as are given to them in the other parts of the State.

(*b*) The question of grant of land will be considered when applications are received and will be decided on the merits of individual cases.

ആക്കിയോളജി ഹെഡ്ആഫീസ്

*ന ൧൨. (ശ്രീ ര) ശ്രീമതി ദേവകി ഗോപിദാസ്സ്: (എ) സംയോജനത്തിനു ശേഷം മിക്ക ഡിപ്പാർട്ട്മെണ്ടുകളുടേയും ഹെഡാപ്പീസ്സ് തിരുവനന്തപുരത്തേക്ക് മാറ്റിയിട്ടും ആക്കിയോളജി വകുപ്പിന്റെ ഹെഡ് ക്വാർട്ടേഴ്സ് തൃശ്ശൂർ തന്നെ ഇട്ടിരിക്കുന്നതിന്റെ കാരണമെന്താണ്;

(ബി) അങ്ങിനെ ടി ആഫീസ് തിരുവനന്തപുരത്തേക്ക് മാറ്റാത്തതിനാൽ ടി. എ. ഇനത്തിൽ എന്തു് കൂടുതൽ ചിലവു് ഇതുവരെ ഉണ്ടായി?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ആക്കിയോളജിക്കൽ ഹെഡ് കാട്ടേഴ്സ് തിരുവനന്തപുരത്തേക്ക് മാറുന്നതിനു് ഉത്തരവു കൊടുത്തുകഴിഞ്ഞു തൃശ്ശൂർ ആഫീസിനോടു് അനുബന്ധിച്ചു് നടത്തിവരുന്ന ചില സ്ഥാപനങ്ങളും തിരുവനന്തപുരത്തേക്കു് മാറണമോ എന്ന കാര്യം തിരുമാനിക്കുന്നതോടു കൂടി ഇപ്പോഴത്തെ തൃശ്ശൂർ ആഫീസു് തിരുവനന്തപുരത്തേക്കു് മാറുന്നതാണു്.

(ബി) ടി. എ. ഇനത്തിൽ കൂടുതൽ ചിലവു് ഉണ്ടായിട്ടില്ല.

ശ്രീ. റോച്ചു് വിക്ടോറിയാ

*നം. (൪൪). ശ്രീമതി ദേവകി ഗോപിദാസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ?

(എ) മദ്രാസു് മിനിസ്റ്റർ മി. റോച്ചു് വിക്ടോറിയാ തിരുവിതാംകൂർ കൊച്ചി സന്ദർശിച്ച അവസരത്തിൽ ഗവൺമെണ്ടിന്റെ അതിഥിയായിരുന്നില്ലെ?

(ബി) ആയിരുന്നെങ്കിൽ ആയിനത്തിൽ ഗവൺമെണ്ടു് സ്റ്റേയിറ്റ ഗസ്റ്റ് ഡിപ്പാർട്ടുമെണ്ടിനു് എന്തു ചിലവു് വന്നിട്ടുണ്ടു്?

(സി) മി. റോച്ചു് വിക്ടോറിയായുടെ വരവു സംബന്ധിച്ചു് കൊളപ്പ റെറിവു് ഇൻസ്പെക്ഷൻ ബംഗ്ലാവിൽ നിന്നു് മൊത്തം എന്തു ചിലവു ചെയ്തിട്ടുണ്ടു്? ആ ചിലവിന്റെ ആവശ്യമെന്തായിരുന്നു എന്നു് അന്വേഷിച്ചോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) അതേ.

(ബി) അദ്ദേഹത്തിന്റെ സന്ദർശനം പ്രമാണിച്ചു് ഏപ്രിൽ ജൂലായി, ഒക്ടോബർ, നവമ്പർ എന്നീ മാസങ്ങളിലും, ഏപ്രിൽ ൧൯൫൦ മേയിലും കൂടി ൫൫൦൦ രൂപാ ഏകദേശം അണ ചെലവായിട്ടുണ്ടു്.

(സി) ഏകദേശം ൫൫൦൦ രൂപാ ഏകദേശം അണ ൬ പൈ. ചെലവിന്റെ ആവശ്യം ഗവൺമെണ്ടു് അന്വേഷിച്ചു കൊണ്ടിരിക്കയാണു്.

ക്ലാർക്കു ടൈപ്പിസ്റ്റും, സ്റ്റെനോഗ്രാഫറും

*നം. (൪൯) ശ്രീമതി ദേവകി ഗോപിദാസു്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ?

പബ്ലിക്കു് സർവ്വീസു് കമ്മീഷനുസരിച്ചു് ക്ലാർക്കു്, ടൈപ്പിസ്റ്റു്, സ്റ്റെനോഗ്രാഫർ മുതലായ ഉദ്യോഗങ്ങൾ ഇൻറർവ്യൂബോർഡു് അല്ലെന്നുള്ളതു് തിരുവിതാംകൂർ കാരെ മാത്രമെ ബാധിക്കുന്നുള്ളു എന്നും കൊച്ചിക്കാർക്കു് അതു ബാധകമല്ല എന്നുള്ളതും ശരിയാണോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

അല്ല.

IYKIA KERALA CONVENTION

*605. [57] **Sri. K. P. Nilakanta Pillai:** Will the Hon'ble Chief Minister be pleased to state:—

whether his attention has been drawn to the news published in the Navasakthi Weekly, dated 28th June 1950 to the effect that a sum of Rs. 4,800 has been paid

LIBRARY ARCHIVES Kerala Legislative Assembly